(10) ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം

<u>ശ്രീ. പി.സി. ജോർജ്ജ്</u> : കഴിഞ്ഞ വർഷം ഈ സംസ്ഥാനത്ത് ആരംഭിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം കിട്ടിയ അദ്ധ്യാപകർക്ക് ശമ്പളം ഒരു പൈസയും കിട്ടുന്നില്ല. അവർ എങ്ങനെ ജീവിക്കുമെന്നുള്ളതാണ് പ്രശ്നം. ഒരു പൈസയും കൊടുക്കുന്നില്ല. കോടതിയായി, നിയമങ്ങളായി. ഇപ്പോൾ ഒരു രക്ഷയുമില്ല. അവർക്ക് ജീവിക്കാൻ സാധ്യമല്ല. നിയമനം കിട്ടിയ സാഹചര്യങ്ങളോർക്കണം. ഒരു വർഷമായി ശമ്പളമില്ലാത്ത സ്ഥിതി. സത്യത്തിൽ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ഒരു ഡയറക്ടറേറ്റുണ്ട്. പക്ഷേ അതിന്റെ കീഴിൽ ബിൽ ഒപ്പിടുന്ന ഡി.ഡി ഓഫീസറില്ല. അതുപോലെതന്നെ പ്രൊമോഷൻ കിട്ടിയവർക്ക് സ്കൂളിലെ ശമ്പളമാണ് ഇപ്പോൾ കൊടുക്കുന്നത്. കോളേജിൽനിന്ന് ഡിപ്പോയ് ചെയ്തു വന്നവർക്ക് ആ കോളേജിൽ അന്ന് കിട്ടിയ ശമ്പളം കൊടുക്കുന്നുണ്ട്. പക്ഷേ നേരിട്ട് നിയമനം കിട്ടിയ അദ്ധ്യാപകർക്ക് ഒരു പൈസപോലും ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ വേറൊരു ബുദ്ധിമുട്ട്, ഇവരുടെ ക്വാളിഫിക്കേഷനെന്നു പറയുന്നത് പോസ്റ്റ് ഗ്രാഡ്വേഷൻ വിത്ത് സെക്കന്റ് ക്ലാസ്സാണ്. ബി.എഡും ഉണ്ട് പക്ഷെ വെറും ബി.എ.യും ബി.എഡ്ഡുമുള്ള അദ്ധ്യാപകനാണ് പ്രൊമോഷൻ കിട്ടി പ്രിൻസിപ്പലായിട്ട് വന്നിട്ടുള്ളത്. പ്രിൻസിപ്പൽ നിയമനത്തിനും ഒരു മാനദണ്ഡമുണ്ടാക്കിയിട്ടില്ല. അപ്പോൾ ഈവക കാര്യങ്ങൾ പരിശോധിക്കണം. ഇതിനൊക്കെ അതീതമായി എത്രയുംവേഗം ഈ ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് ശമ്പളം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ഹയർ സെക്കന്ററി സ്കൂളുകളിൽ ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴുള്ള ഹൈസ്കൂൾ അദ്ധ്യാപകരിൽ നിന്ന് പ്രൊമോഷൻ കിട്ടുന്ന അദ്ധ്യാപകരും നേരിട്ട് നിയമനം ലഭിക്കുന്ന അദ്ധ്യാപകരുമാണുള്ളത്. ഇതിന്റെ അനുപാതത്തെ സംബന്ധിച്ച് തർക്കമുണ്ടായിരുന്നു. ഹൈക്കോടതിയുടെ ഉത്തരവ് പ്രൊമോഷൻ വഴിയും 75% ഡയറക്ട് റിക്രൂട്ടുമെന്റ് വഴിയും നിയമനം നടത്താനായിരുന്നു. ഗവൺമെന്റ് അത് അംഗീകരിച്ച പശ്ചാത്തലത്തിൽ നിയമനവും നടന്നു. അപ്പോൾ ഏതാനും അദ്ധ്യാപകർ ഈ അനുപാതത്തെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ പോയി. സുപ്രീം കോടതി ഈ നിയമനം ആകെ സ്റ്റേ ചെയ്യുകയാണ് ചെയ്തത്. അതിനോടകം നിയമനം നടത്തിക്കഴിഞ്ഞിരുന്നു. 1998 ഡിസംബർ മുതൽ സ്റ്റേ വന്നു. ഇതിനെതിരെ ഗവൺമെന്റ് അപ്പീൽ ഫയൽ ചെയ്തു. ഈ അനുപാതത്തെ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്ന് അവസാന വിധി ഉണ്ടാകാതെ അവരെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല അദ്ധ്യാപകരെ താൽക്കാലികമായിട്ടാണ് നിയമിച്ചത് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ജോലിചെയ്ത് പീരീഡിലെ ശമ്പളം കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഫയൽ ചെയ്ത അപ്പീലിന് സുപ്രീം കോടതി ഈ മേയ് മാസത്തിലാണ് അനുമതി നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിന് ചില നടപടിക്രമങ്ങൾ വേണം; വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി സ്റ്റാഫ് ഫിക്സേഷൻ നടത്തണം. അതൊക്കെ പൂർത്തിയാക്കി. ഇപ്പോൾ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഇവർക്ക് ശമ്പളം കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഏതാനും അദ്ധ്യാപകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളം കൊടുത്തു കഴിഞ്ഞു. ജൂലൈ മാസത്തിൽ മുഴുവൻ ജീവനക്കാർക്കും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളം നൽകുന്നതാണ്.

(11) മരംകയറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

<u>ശ്രീ. എ. കണാരൻ</u> : സർ, കേര വൃക്ഷങ്ങളുടെ നാടായ കേരളത്തിൽ നാലുലക്ഷത്തോളം വരുന്ന തെങ്ങു കയറ്റ തൊഴിലാളികളുടേയും നാളികേരം പറിച്ചെടുക്കാൻ കഴിയാതെ വിഷമിക്കുന്ന തെങ്ങിന്റെ ഉടമകളായിട്ടുള്ള കൃഷിക്കാരുടേയും നീറുന്ന പ്രശ്നങ്ങളാണ് അങ്ങയുടെ സമ്മതത്തോടെ തൊഴിൽവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആയിരക്കണക്കായ തെങ്ങുകയറ്റ തൊഴിലാളികൾ അട്ടക്കുളങ്ങര എത്തിച്ചേർന്നിട്ടുണ്ട്, സെക്രട്ടേറിയറ്റിലേക്ക് ഉടനെതന്നെ അവർ മാർച്ച് ചെയ്യുന്നതാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികോൽപ്പാദന മേഖലയിലെ തൊഴിലാളികൾക്ക് പ്രായോഗികമായി സേവന-വേതന വ്യവസ്ഥകൾ ഇല്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്. അക്കാരണത്താൽ തൊഴിലാളികൾ തെങ്ങ് കയറ്റ തൊഴിലിൽനിന്ന് പിന്മാറുന്നതിന് നിർബന്ധിതരായിക്കൊണ്ടിരിക്കുന്നു. ഏറ്റവും അപകടകരവും സാഹസികവുമായ ജോലിയാണ് തെങ്ങ് കയറ്റമെന്നുള്ളത് എല്ലാവർക്കുമറിയാവുന്നതാണ്. യാതൊരുവിധ സുരക്ഷിതത്വവും ഇല്ലാത്തതിനാൽ പുതിയതായി തൊഴിലാളികൾ തെങ്ങ് കയറ്റ ജോലിയിലേക്ക് വരുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇതിന്റെ ഫലമായി കാർഷികമേഖലയിൽ നിരാശ പടരുന്നു. തെങ്ങു കൃഷി ഉപേക്ഷിക്കാൻപോലും കർഷകർ തയ്യാറായി വരുന്ന അവസ്ഥ നിലനിൽക്കുന്നു. 30-45 ദിവസം കൂടുമ്പോൾ കൃഷിക്കാർക്ക് തെങ്ങ് കയറ്റ തൊഴിലാളികളുടെ സേവനം ആവശ്യമാണ്. തെങ്ങ്കയറ്റത്തൊഴിലാളികളുടേയും കൃഷിക്കാരുടേയും ആവശ്യങ്ങൾ പരിഗണിച്ച് തെങ്ങ്കയറ്റത്തൊഴിലാളികൾക്ക് സമഗ്രമായ ഒരു സേവന-വേതന വ്യവസ്ഥ നടപ്പിലാക്കണം. അവരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കണം. ഞാൻ പറയുന്നത് ലേബർ വകുപ്പുമന്ത്രി ചെയർമാനായ ഉടമകളുടെയും തൊഴിലാളികളുടെയും പ്രതിനിധികളും എം.എൽ.എ. മാരും കൂടിച്ചേർന്ന് ഒരു കമ്മിറ്റി ഉണ്ടാകണം എന്നാണ്. അപകടകരമായ ഈ ജോലി ചെയ്യുമ്പോൾ ചിലർക്ക് അപകട മരണം സംഭവിക്കുന്നു. ചിലർക്ക് പണിയെടുക്കാൻ കഴിയാത്ത വിധം അപകടം സംഭവിച്ച് നരകയാതന അനുഭവിക്കേണ്ടിവരുന്നു. തെങ്ങിൽ നിന്നു വീണ് അപകടം സംഭവിച്ച നൂറു-കണക്കിനാളുകളെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്കാശുപത്രികളിലും കാണാൻ കഴിയുന്നതാണ്. അപകട മരണം സംഭവിച്ചവരുടേയും പണിയെടുക്കാൻ കഴിയാതെ അപകടം സംഭവിച്ച് നിത്യ ദുരിതമനുഭവിക്കുന്ന തൊഴിലാളികളുടേയും കുടുംബങ്ങൾക്ക് നൽകിവരുന്ന നഷ്ടപരിഹാരം വളരെ തുച്ഛമാണ്, അങ്ങേയ്ക്ക് തന്നെ അറിയാം. ആദ്യം 5000 രൂപയായിരുന്നു. ഇപ്പോൾ 10,000 രൂപയാണ് കൊടുത്തു വരുന്നത്. അത് മാറ്റി ഒരു ലക്ഷം രൂപയെങ്കിലും കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. തൊഴിൽ വകുപ്പുമന്ത്രി അടങ്ങുന്ന സബ്ജക്ട് കമ്മിറ്റി ഏകകണ്ഠമായി നഷ്ടപരിഹാരത്തുക 50,000 രൂപയാക്കി വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വച്ച് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരമായി രണ്ടു ലക്ഷം രൂപ ഇപ്പോൾ കൊടുക്കുന്നു, കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഒന്നര ലക്ഷം രൂപ ഇപ്പോൾ നൽകിവരുന്നുണ്ട്. എല്ലാ തൊഴിൽ അപകടങ്ങൾക്കും ഒരുലക്ഷം രൂപയ്ക്കു മുകളിലാണ് നഷ്ടപരിഹാരം നൽകിവരുന്നത്. അപകട മരണം

LIBRARY ARCHIVES Kerala Legislative Assembly